പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3063 19/06/2018-ൽ മറുപടിയ്ക്ക്

## ഹോർട്ടികോർപ്പ് മുഖേന പഴം,പച്ചക്കറി ശേഖരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഹോർട്ടികോർപ്പ് മുഖേന എത്ര രൂപയുള്ള പഴം, പച്ചക്കറി എന്നിവ ശേഖരിച്ചിട്ടുണ്ട്; ഇതിൻ പ്രകാരം എന്തെല്ലാം നേട്ടങ്ങളാണ് കർഷകർക്ക് നേരിട്ട് ലഭിച്ചിട്ടുള്ളത്;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹോർട്ടികോർപ്പ് മുഖേന 2016-17 സാമ്പത്തിക വർഷത്തിൽ 59.24 കോടി രൂപയുടെ പഴവും പച്ചക്കറിയും, 2017-18 സാമ്പത്തിക വർഷം 67.95 കോടി രൂപയുടെ പഴവും പച്ചക്കറിയും, ശേഖരിച്ചിട്ടുണ്ട്. പൊതുവിപണി വിലയെക്കാൾ 10% അധിക വില നൽകിയാണ് കർഷകരിൽ നിന്നും ഹോർട്ടികോർപ്പ് പച്ചക്കറികൾ സംഭരിച്ചുവരുന്നത്. സംസ്ഥാനത്തെ കർഷകർ, കർഷക കൂട്ടായ്മകൾ, വി.എഫ്.പി.സി.കെ, കാർഷിക മൊത്തവ്യാപാര വിപണികൾ, ക്ലസ്റ്ററുകൾ എന്നിവിടങ്ങളിൽ നിന്നുമാണ് കേരളത്തിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പ് സംഭരിക്കുന്നത്. കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മൊത്ത വ്യാപാര വിപണികളായ ആനയറ, കോഴിക്കോട്, വെങ്ങേരി, മൂവാറ്റുപുഴ, മരട്, സുൽത്താൻബത്തേരി എന്നിവിടങ്ങളിൽ വരുന്ന പച്ചക്കറികളിൽ ലേലത്തിൽ പോകാത്ത മുഴുവൻ പച്ചക്കറികളും വിപണിവില നൽകി ഹോർട്ടികോർപ്പ് സംഭരിച്ചുവരുന്നുണ്ട്. കൂടാതെ അധിക വിളവ് ഉണ്ടാകുന്ന സന്ദർഭങ്ങളിൽ വില ഇടിവ് പിടിച്ചു നിർത്തുന്നതിനായി ഹോർട്ടികോർപ്പ് വിപണി ഇടപെടൽ നടത്തുകയും ചെയ്യുന്നു. പാലക്കാട് ജില്ലയിലെ

(contd......)

തക്കാളി സംഭരണം, വട്ടവടയിലെ ശീതകാല പച്ചക്കറി സംഭരണം. ഏത്തക്കായയുടെ അധിക ഉല്പാദന സമയത്തെ സംഭരണം, വാഴക്കുളത്തെ പൈനാപ്പിൾ സംഭരണം തുടങ്ങിയ വിപണി ഇടപെടൽ ഹോർട്ടികോർപ്പ് നടത്തുകയുണ്ടായി. കൂടാതെ ഓണം, വിഷു തുടങ്ങിയ ഉത്സവ സീസണുകളിൽ വിപണി വിലയെക്കാൾ 30% വരെ വിലകുറച്ച് ഹോർട്ടികോർപ്പ് പച്ചക്കറികൾ വിതരണം ചെയ്യുന്നുണ്ട്.

| | | | |
|---|---|---|---|
| **(ബി)** | പ്രസ്തുത കാലയളവിൽ ഹോർട്ടികോർപ്പ് നേരിട്ട് പഴം, പച്ചക്കറി എന്നിവ കൃഷി ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | **(ബി)** | ഹോർട്ടികോർപ്പ് പഴം പച്ചക്കറികൾ കൃഷി ചെയ്യുന്നില്ല, പഴം പച്ചക്കറികളുടെ സംഭരണവും വിതരണവും മാത്രമാണ് ചെയ്തുവരുന്നത്. |

**സെക്ഷൻ ഓഫീസർ**